DESPATCHED
On..06/02/2020

16. 1.20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ CP.No.735(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 9255/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

| | |
|---|---|
| അഡ്വ. രാകേഷ് ആർ.,<br>അസോസിയേറ്റ് ലോയേഴ്സ് നെറ്റ് വർക്ക്,<br>വഞ്ചിയൂർ, തിരുവനന്തപുരം – 695 035. | പരാതി ഹർജിക്കാരൻ |
| 1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>എക്സൈസ് വകുപ്പു മന്ത്രിയുടെ കാര്യാലയം,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം.<br>2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അണ്ടർ സെക്രട്ടറി,<br>നികുതി (എഫ്) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം.<br>3) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>എക്സൈസ് കമ്മീഷണറുടെ കാര്യാലയം,<br>തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01/04/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/04/2015, 05/05/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 30/05/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 01/06/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/07/2015, 3/1/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ഓഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ അഡ്വ. രാകേഷ് ആർ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷ ഒന്നാം എതിർകക്ഷി 4.4.2015 തീയതി കൈപ്പറ്റിയിരുന്നു എന്നും എന്നാൽ അപേക്ഷ കൈപ്പറ്റി 25 ദിവസങ്ങൾക്ക് ശേഷം 28.4.2015 തീയതി വച്ച് 29.4.2015–ന് പോസ്റ്റ് ചെയ്ത് മറുപടി നൽകി എന്നും ആയതിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷ ടാക്സ് സെക്രട്ടറിയുടെ

ഓഫീസിലെ പൊതു വിവരാവകാശ ഓഫീസർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നാണെന്നും തുടർന്ന് 5.5.2015 തീയതി രേഖപ്പെടുത്തിയ മറുപടി രണ്ടാം എതിർകക്ഷി നൽകിയതിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷ എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ.ക്ക് അയച്ചു നൽകിയിട്ടുണ്ടെന്നാണെന്നും എന്നാൽ എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെ മറുപടി ഒന്നും ലഭിച്ചിട്ടില്ല എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നത് ഒഴിവാക്കുന്നതിനോ വൈകിപ്പിക്കുന്നതിനോ വേണ്ടിയാണ് എതിർകക്ഷികൾ ടിയാന്റെ അപേക്ഷ അനന്തമായി നീട്ടികൊണ്ട് പോകുന്നത് എന്നും ഒന്നാം അപ്പീൽ അധികാരികൾ വ്യത്യസ്ഥ വകുപ്പുകളിലെ ഉദ്യോഗസ്ഥരായതിനാൽ വിവരാവകാശ നിയമത്തിലെ 19(1) വകുപ്പു പ്രകാരമുള്ള അപ്പീൽ സമർപ്പിക്കുവാൻ നിർവ്വാഹമില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ കുറിച്ച് ആലോചിക്കാൻ കൂടിയ എക്സൈസ് വകുപ്പിന്റെ പ്രീ ബഡ്ജറ്റ് മീറ്റിംഗിൽ പങ്കെടുത്തവർ ആരെല്ലാം എന്നും

ii. മേൽപ്പടി യോഗത്തിന്റെ പൂർണ്ണമായ മിനിറ്റ്സിന്റെ ശരി പകർപ്പും, പങ്കെടുത്ത ആൾക്കാരുടെ ഹാജർ രേഖപ്പെടുത്തിയ പേപ്പറിന്റെ ശരിപ്പർപ്പും ലഭ്യമാക്കണമെന്നും

iii. മേൽപ്പടി യോഗത്തിന്റെ അജണ്ട, നിർദ്ദേശങ്ങൾ, തീരുമാനങ്ങൾ, ഓഫീസ് നോട്ടുകൾ എന്നിവ ഉൾപ്പെടുന്ന ഫയലിന്റെ പൂർണ്ണമായ ശരിപ്പകർപ്പ് നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ കുറിച്ച് ആലോചിക്കാൻ കൂടിയ എക്സൈസ് വകുപ്പിന്റെ പ്രീ–ബഡ്ജറ്റ് മീറ്റിംഗിന്റെ മിനിറ്റ്സ്, ഫയൽ എന്നിവ ഒന്നാം എതിർകക്ഷി ഓഫീസിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഹർജിക്കാരന്റെ അപേക്ഷ നികുതി വകുപ്പ് സെക്രട്ടറിയുടെ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് കൈമാറിട്ടുണ്ടെന്നാണ്. തുടർന്ന് രണ്ടാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിശദാംശങ്ങൾ മേൽപ്പടി വകുപ്പിൽ ലഭ്യമല്ല എന്നും ആയത് ലഭ്യമാക്കുന്നതിനായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് എക്സൈസ് കമ്മീഷണറേറ്റിലെ എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എക്സൈസ് കമ്മീഷണറേറ്റ് എസ്.പി.ഐ.ഒ. ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേകഷ എതിർകക്ഷി ഓഫീസിൽ ലഭിച്ചതായി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും മേൽപ്പടി അപേക്ഷ ഈ അവസരത്തിൽ ലഭ്യമായത് പ്രകാരം ആയതിനുള്ള മറുപടി ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമാണ്. മേൽപ്പടി മറുപടി പ്രകാരം അറിയിച്ചത്, 2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ കുറിച്ച് ആലോചിക്കുന്നതിന് എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ പ്രീ–ബഡ്ജറ്റ് മീറ്റിംഗ് കൂടിയിട്ടില്ല എന്നാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷ ഒന്നാം എതിർകക്ഷി ഓഫീസിൽ 4.4.2015 തീയതി കൈപ്പറ്റിയെങ്കിലും ആയത് രണ്ടാം എതിർകക്ഷി ഓഫീസിലേക്ക് അയച്ചു നൽകിയത് 28.4.2015 തീയതി മാത്രമാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. എന്നാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ബി.റെജിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്നു കാണുന്നു. കാരണം ടിയാൻ അന്നത്തെ എക്സൈസ് വകുപ്പു മന്ത്രിയുടെ ഓഫീസിലെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട വ്യക്തിയായിരുന്നു. ടിയാന്റെ അഡ്രസ്സും മറ്റും ഈ അവസരത്തിൽ കമ്മീഷന് ലഭ്യമല്ല. അപ്രകാരം തന്നെ ടി എസ്.പി.ഐ.ഒ. നൽകിയ മറുപടിയ്ക്ക് അടിസ്ഥാനമായ ടി ഓഫീസിലെ രേഖകളും ഈ അവസരത്തിൽ കമ്മീഷന് ലഭ്യമല്ല. ആയതിനാൽ മേൽ പ്രസ്താവിച്ച പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷന് ഈ അവസരത്തിൽ നിർവ്വാഹമില്ല.

5. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പരാമർശിത കാലയളവിലെ എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിലാണ് ലഭ്യമായിരുന്നത് എന്നും ആയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം യൂണിറ്റ് നടത്തിയ PE1/15 പ്രകാരമുള്ള റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി കളവായ വസ്തുതകൾ ചൂണ്ടിക്കാട്ടിയാണ് ടിയാന്റെ അപേക്ഷ രണ്ടാം എതിർകക്ഷിയ്ക്ക് അയച്ചു നൽകിയത് എന്നും മറ്റുമാണ്.

6. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ പ്രസ്താവിച്ച വസ്തുതകൾ ശരിയാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളാണ് ഒന്നാം എതിർകക്ഷി കാര്യാലയത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത് എന്നു കാണുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ ലഭ്യമാക്കുക എന്നത് അപ്രായോഗികമാണെന്ന് കാണുന്നു. കാരണം അന്നത്തെ എക്സൈസ് വകുപ്പു മന്ത്രിയുടെ കാര്യാലയത്തിൽ ലഭ്യമായിരുന്ന ഫയലുകളും രേഖകളും നിലവിലെ എക്സൈസ് മന്ത്രിയുടെ കാര്യാലയത്തിലേക്ക് കൈമാറിയിട്ടില്ല എന്നു കാണുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM